## 15 -ാം കേരള നിയമസഭ

## 2 -ാം സമ്മേളനം

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1111** **27-07-2021 - ൽ മറുപടിയ്ക്ക്**

## സി.കെ.ജി. കോളേജിന്റെ സ്ഥലം വിട്ടുനൽകൽ

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. റ്റി.പി .രാമകൃഷ്ണൻ | | Dr. R. Bindu<br>(ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി) | |
| (എ) | 2020 ജനുവരി ഒന്നിന് ഉന്നതവിദ്യാഭ്യാസ വകുപ്പ് മന്ത്രിയുടെ ചേമ്പറിൽ വെച്ച് പേരാമ്പ്ര താലൂക്കാശുപത്രിയ്ക്ക് വേണ്ടി സി.കെ.ജി. കോളേജിന്റെ രണ്ട് ഏക്കർ സ്ഥലം വിട്ടുനൽകുന്നതുമായി ബന്ധപ്പെട്ട് ഒരു ഉന്നതതലയോഗം ചേർന്നിരുന്നോയെന്നും യോഗത്തിൽ ആരൊക്കെ പങ്കെടുത്തിരുന്നുവെന്നും വ്യക്തമാക്കുമോ; | (എ) | മുൻ ഉന്നത വിദ്യാഭ്യാസ വകുപ്പ് മന്ത്രിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗത്തിന്റെ വിവരങ്ങൾ ലഭ്യമല്ല. |
| (ബി) | പ്രസ്തുത യോഗത്തിന്റെ മിനുട്ട്സ് ലഭ്യമാക്കുമോ; | (ബി) | മുൻ ഉന്നത വിദ്യാഭ്യാസ വകുപ്പ് മന്ത്രിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗത്തിന്റെ വിവരങ്ങൾ ലഭ്യമല്ല. |
| (സി) | യോഗതീരുമാനം അനുസരിച്ച് സ്ഥലം വിട്ടുനൽകുന്നതിന് ഉന്നതവിദ്യാഭ്യാസ വകുപ്പ്, ആരോഗ്യവകുപ്പിന് നിരാക്ഷേപപത്രം നൽകിയിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ; | (സി) | കോളേജിന്റെ ഒരു ഏക്കർ ഭൂമി പേരാമ്പ്ര താലൂക്ക് ആശുപത്രിയുടെ വികസന ആവശ്യങ്ങൾ പരിഗണിച്ച് ഇതിനോടകം വിട്ടു നൽകിയിട്ടുണ്ട്. അത് കൂടാതെ 2 ഏക്കർ സ്ഥലമാണ് ഇപ്പോൾ ആവശ്യപ്പെട്ടിട്ടുള്ളത്. കൂടാതെ കോളേജിന്റെ ആകെ ഭൂമിയിൽ മൂന്നിൽ രണ്ട് ഭാഗവും മലനിരകളാണ്. കോളേജിന്റെ ഭാവി വികസനത്തിനും നിർമ്മാണ പ്രവർത്തന ങ്ങൾക്കും പര്യാപ്തമായ സ്ഥലം ആശുപത്രിക്കായി ആവശ്യപ്പെട്ടിട്ടുള്ള നിരപ്പായ സ്ഥലം മാത്രമാണ്. കൂടാതെ ആ ഭാഗത്ത് വനിതാ ഹോസ്റ്റൽ സ്ഥിതിചെയ്യുന്നുമുണ്ട്. കോളേജിന്റെ തുടർന്നുള്ള വികസന പ്രവർത്തനങ്ങൾക്കും കോളേജിന്റെയും വനിതാ ഹോസ്റ്റലിന്റെയും സുരക്ഷിതത്വത്തിന് ഉചിതമാവുകയില്ലെന്നാണ് കോളേജ് കൗൺസിൽ തീരുമാനമെടുത്തിട്ടുള്ളത്. ആയതിനാൽ കോളേജ് വിദ്യാഭ്യാസ വകുപ്പിൽ നിന്നും ഇതുവരെ നിരാക്ഷേപ പത്രം നൽകിയിട്ടില്ല. |
| (ഡി) | ഇല്ലെങ്കിൽ അതിന് ആവശ്യമായ നടപടി സ്വീകരിക്കുമോ? | (ഡി) | കോളേജിന്റെ ഒരു ഏക്കർ ഭൂമി പേരാമ്പ്ര താലൂക്ക് ആശുപത്രിയുടെ വികസന ആവശ്യങ്ങൾ പരിഗണിച്ച് ഇതിനോടകം വിട്ടു നൽകിയിട്ടുണ്ട്. അത് കൂടാതെ 2 |

| | | | |
|---|---|---|---|
| | | | ഏക്കർ സ്ഥലമാണ് ഇപ്പോൾ ആവശ്യപ്പെട്ടിട്ടുള്ളത്. കൂടാതെ കോളേജിന്റെ ആകെ ഭൂമിയിൽ മൂന്നിൽ രണ്ട് ഭാഗവും മലനിരകളാണ്. കോളേജിന്റെ ഭാവി വികസനത്തിനും നിർമ്മാണ പ്രവർത്തന ങ്ങൾക്കും പര്യാപ്തമായ സ്ഥലം ആശുപത്രിക്കായി ആവശ്യപ്പെട്ടിട്ടുള്ള നിരപ്പായ സ്ഥലം മാത്രമാണ്. കൂടാതെ ആ ഭാഗത്ത് വനിതാ ഹോസ്റ്റൽ സ്ഥിതിചെയ്യുന്നുമുണ്ട്. കോളേജിന്റെ തുടർന്നുള്ള വികസന പ്രവർത്തനങ്ങൾക്കും കോളേജിന്റെയും വനിതാ ഹോസ്റ്റലിന്റെയും സുരക്ഷിതത്വത്തിന് ഉചിതമാവുകയില്ലെന്നാണ് കോളേജ് കൗൺസിൽ തീരുമാനമെടുത്തിട്ടുള്ളത്. ആയതിനാൽ കോളേജ് വിദ്യാഭ്യാസ വകുപ്പിൽ നിന്നും ഇതുവരെ നിരാക്ഷേപ പത്രം നൽകിയിട്ടില്ല. |

സെക്ഷൻ ഓഫീസർ